(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഒരു ജൈവ സാങ്കേതിക വിദ്യാനയത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) സർക്കാരിന്റെ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് ഈ നയം നടപ്പിലാക്കുന്നത് എന്നറിയിക്കാമോ;

(എഫ്) സംസ്ഥാനം ജൈവ സാങ്കേതിക വിദ്യയിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എയ്ഡ്സ്, മഞ്ഞപ്പിത്തം, ക്ഷയം, കോളറ തുടങ്ങിയ രോഗങ്ങളടക്കം ഇന്ത്യയിൽ പൊതുവേയും കേരളത്തെ പ്രത്യേകമായും ബാധിക്കുന്ന പകർച്ച വ്യാധികളെ കണ്ടെത്തുന്നതിനും, ജനിതക എഞ്ചിനീയറിംഗ് തുടങ്ങിയ ടെക്നോളജി മാർഗ്ഗങ്ങളിലൂടെ പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(സി, ഡി) സംസ്ഥാനം രൂപം നൽകിയിട്ടുള്ള കേരള ജൈവ സാങ്കേതിക വിദ്യാനയത്തിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുഖേനയാണ് ഈ നയം നടപ്പിലാക്കുന്നത്. ഈ നയത്തിലെ വിവിധ കാര്യപരിപാടികൾ അതാത് മേഖലകളിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംസ്ഥാന ഏജൻസികളുടെ പങ്കാളിത്തത്തോടുകൂടിയായിരിക്കും നടപ്പിലാക്കുക.

(എഫ്) സംസ്ഥാനത്തെ ജലസമ്പത്തിനെ മലിനമാക്കുന്ന ജൈവമാലിന്യങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള മൾട്ടി ഫ്ളക്സ് പി.സി.ആർ. ഗവേഷണരീതി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡി.എൻ.എ. ഫിംഗർ പ്രിന്റിംഗ്, പരമ്പരാഗത അറിവുകളെ ശാസ്ത്രീയമായി തെളിയിക്കാനുള്ള സംവിധാനങ്ങൾ, ഔഷധഗുണം തരുന്ന രാസഘടകങ്ങൾ ഔഷധ സസ്യങ്ങളിൽനിന്നും വേർതിരിച്ചെടുക്കാനുള്ള സംവിധാനങ്ങൾ മുതലായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

കോളകമ്പനികൾ പൂട്ടണമെന്ന ആവശ്യം

29 [738] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സമിതിയുടെ തെളിവെടുപ്പിനെ സ്വാധീനിക്കാൻ കൊക്കകോള കമ്പനി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാലക്കാട് ജില്ലയിലെ പെരുമാട്ടി, പുതുശ്ശേരി പഞ്ചായത്തുകളിൽ കൊക്കകോള, പെപ്സി കമ്പനികൾ നടത്തുന്ന ജലമൂറ്റലിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്രകാരം അനധികൃതമായി ഭൂഗർഭജലം ചോർത്തുകയും പരിസര മലിനീകരണം നടത്തുകയും ചെയ്യുന്ന കമ്പനിക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) കോളകമ്പനികൾ വിൽക്കുന്ന കോളകളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കലർന്നിട്ടുള്ളതായി പരിശോധനയിൽ തെളിഞ്ഞിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇങ്ങനെ രാസവസ്തുക്കൾ കലർന്ന കോള വിൽക്കുന്ന കമ്പനി അടച്ചുപൂട്ടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിൽ കൊക്കകോള കമ്പനി നടത്തുന്ന ജലമൂറ്റലിനെക്കുറിച്ച് പഠിക്കുന്നതിനായി ബഹു. ഹൈക്കോടതി സി. ഡബ്ലിയു. ആർ.ഡി.എം.-ലെ ഡയറക്ടറായ ശ്രീ. ഇ. ജെ. ജയിംസിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. പെപ്സി കമ്പനിയെ സംബന്ധിച്ച വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണ്. പെപ്സി കമ്പനിയുടെ ജലമൂറ്റലിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഈ വിഷയം ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ സർക്കാർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) പ്രസ്തുത വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതി തീരുമാനമനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കുറ്റപത്രം സമർപ്പിക്കാൻ നടപടി

30 [741] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റപത്രം നൽകാത്ത എത്ര കേസുകൾ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ട്;

(ബി) ഇത്തരം കേസുകളിൽ കുറ്റപത്രം സമർപ്പിക്കാൻ ഇതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly